## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4792** 14.11.2019 ൽ മറുപടിക്ക്

## ചിറങ്ങര റെയിൽവേ മേൽപ്പാലം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ചിറങ്ങരയിൽ റെയിൽവേ മേൽപ്പാലം അനുവദിച്ചെങ്കിലും നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;<br>(സി) പ്രസ്തുത മേൽപ്പാലം നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ)<br>(ബി)<br>&<br>(സി) | ഉണ്ട്. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന് 27.09.2017 ലെ സ.ഉ (സാധാ)നം. 1324/2016/പൊ.മ.വ മുഖേന 15 കോടിയുടെ ഭരണാനുമതി നൽകുകയും പദ്ധതിയുടെ എസ്.പി.വി ആയി ആർ.ബി.ഡി.സി.കെ യെ നിയമിക്കുകയും ചെയ്തു. ചിറങ്ങര റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 19.96 കോടി രൂപയുടെ കിഫ്ബി അംഗീകാരം 27.07.2017 ന് ലഭിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഡിസ്ട്രിക്ട് കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായുള്ള 11(1) വിജ്ഞാപനം 04.09.2019 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**